# രാപ്പാൾ
# ശ്രീകൃഷ്ണപുരം ക്ഷേത്രം


**പി.ഒ. പുതുക്കാട്, തൃശ്ശൂർ**

"അത്യന്തബാലമതസി കുസുമപ്രകാശം
ദിഗ്വാസസംകനകഭൂഷണ ഭൂഷിതാംഗം
വിസ്രസ്തകേശമരുണാധരമായതാക്ഷം
കൃഷ്ണം നമാമി ശിരസാ നവനീതഹസ്തം"



# അഷ്ടമിരോഹിണി

**1199 ചിങ്ങം 21 (2023 സെപ്തംബർ 6) ബുധൻ (കൃഷ്ണവർഷം 5125)**



# അഷ്ടമിരോഹിണി മഹോത്സവം

ധന്യാത്മൻ,

പരിപാവനത്വത്തിന്റെ പൈതൃകത്തിൽ വിരാജിച്ചുകൊണ്ട് പുണ്യത്തിന്റെ ശ്രീതിലകം ചാർത്തി മന്ദമായൊഴുകുന്ന നന്ദിയാറിന്റെ ദക്ഷിണതീരത്ത് ഭക്തവാത്സല്യത്തിന്റെ ഉത്തുംഗത്തിൽ നവനീത ഹസ്തനായി ബാലഭാവത്തിൽ നാം ഏവരെയും ലീലാവിലാസങ്ങളിൽ ആറാടിച്ചുകൊണ്ട് കാരുണ്യ-പ്രഭാവനായി വാണരുളുന്ന രാപ്പാൾ തേവരുടെ പാദാരവിന്ദങ്ങളിൽ പ്രണമിക്കട്ടെ!

1199 ചിങ്ങം 5 തുടങ്ങി 1199 തുലാം 9 കൂടി (2023 ഓഗസ്റ്റ് 21 മുതൽ  ഒക്ടോബർ 26 വരെ) ഈ ക്ഷേത്രത്തിൽ നടക്കുന്നതായ **ഓത്തുകൊട്ടിന്** (യജുർവ്വേദ സംഹിതാ യജ്ഞം) എല്ലാവിധത്തിലും നിസ്സീമസഹകരണം നൽകി വരുന്ന നല്ലവരായ നാട്ടുകാരോടും ഭക്തജനങ്ങളോടും ഞങ്ങളുടെ അകൈതവമായ നന്ദി അറിയിക്കട്ടെ!!

1199 ചിങ്ങമാസം 21 (2023 സെപ്തംബർ 6 ബുധൻ) ലോകമാകെ കൊണ്ടാടുന്ന ശ്രീകൃഷ്ണ ജന്മാഷ്ടമി സുദിനം രാപ്പാൾ ശ്രീകൃഷ്ണപുരം ക്ഷേത്രത്തിൽ വിശിഷ്ടമായ ചടങ്ങുകളാലും പ്രൗഢഗംഭീരമായ ആഘോഷങ്ങളാലും  ആചരിക്കുന്നു. അഷ്ടമിരോഹിണി ആഘോഷങ്ങൾ പരിപൂർണ്ണതയിലെത്തിക്കാൻ എല്ലാ സജ്ജനങ്ങളേയും ക്ഷേത്രസന്നിധിയിലേക്ക് സ്വാഗതം ചെയ്യുന്നു.

ഈ അഷ്ടമിരോഹിണി ദിനത്തിൽ നടക്കുന്ന ശ്രീകൃഷ്ണാവതാരപൂജയിലും മറ്റു പരിപാടികളിലും പങ്കെടുത്ത് രാപ്പാൾ തേവരുടെ കാരുണ്യത്തിന് പാത്രീഭൂതരാകുവാൻ ഏവരെയും സ്വാഗതം ചെയ്യുന്നു.

എന്ന്,

രാപ്പാൾ ശ്രീകൃഷ്ണപുരം ക്ഷേത്ര ഭരണസമിതി



# അഷ്ടമിരോഹിണി മഹോത്സവം

## അഷ്ടമിരോഹിണി ദിനത്തിലെ പരിപാടികൾ

| | | |
|---|---|---|
| രാവിലെ 4 മണിക്ക് | : | നടതുറപ്പ്, നിർമ്മാല്യദർശനം |
| 4.15ന് മുതൽ | : | ശംഖാദിഷേകം, സപ്തശുദ്ധി തുടങ്ങിയ അഭിഷേകങ്ങൾ |
| തുടർന്ന് | : | മഹാനിവേദ്യം |
| 5 മണി മുതൽ | : | സഹസ്രചതുരക്ഷരി മന്ത്ര പുഷ്പാഞ്ജലി |
| | | അഷ്ടാദശ പുരുഷസൂക്ത പുഷ്പാഞ്ജലി |
| 6 മണി മുതൽ | | പ്രത്യേക വഴിപാടുകളായ സപ്തശുദ്ധി അഭിഷേകം, സഹസ്രചതുരക്ഷരി, അഷ്ടാദശ പുരുഷസൂക്തം, മഹാനിവേദ്യം എന്നിവയുടെ പ്രസാദ വിതരണം |
| 7.45 മുതൽ | : | അഷ്ടമിരോഹിണി ദിനത്തിലെ പ്രത്യേക പാൽപ്പായസ വിതരണം |
| 8.00മുതൽ | : | **ശ്രീമദ് നാരായണീയ പാരായണം** |
| വൈകീട്ട് 5.30 മുതൽ | : | രാപ്പാൾ ബാലഗോകുലം നേതൃത്വം നൽകുന്ന ബാലദിനാഘോഷങ്ങൾ |
| 6.00 മുതൽ | : | **വിശേഷാൽ ചുറ്റുവിളക്ക്, നിറമാല** |
| 6.45ന് | : | ദീപാരാധന |
| തുടർന്ന് | : | ബാലദിനാഘോഷങ്ങളുടെ ഭാഗമായുള്ള കുട്ടികളുടെ ഉറിയടി മത്സരം |




7.30 മുതൽ

ശ്രീമതി സുസ്മിത നയിക്കുന്ന

**ഭക്തിഗാനസുധ**



9.00 മുതൽ

## കുചേലവൃത്തം കഥകളി

### അവതാരസമയത്ത്

| | | |
|---|---|---|
| രാത്രി 12 മുതൽ | : | വിശേഷാൽ അഭിഷേകങ്ങളും അവതാരപാരായണവും |
| തുടർന്ന് | : | **അവതാരപൂജ** |
| | : | അപ്പം നിവേദ്യം നടയടക്കൽ |



# അഷ്ടമിരോഹിണി മഹോത്സവം

## വിശേഷാൽ വഴിപാടുകൾ

1. **അവതാരപൂജ**
   അഷ്ടമിരോഹിണി ദിവസം രാവിലെ സപ്തശുദ്ധി അഭിഷേകം മുതൽ അവതാരസമയത്തുള്ള പൂജ അടക്കം – 3000 രൂപ
2. **ജന്മാഷ്ടമിപൂജ**
   അർദ്ധരാത്രിയിലെ അവതാരസമയത്തുള്ള പൂജ – 1000 രൂപ
3. **സഹസ്രചതുരക്ഷരി**
   സപ്തശുദ്ധി അഭിഷേകം, സഹസ്ര ചതുരക്ഷരി പുഷ്പാഞ്ജലി, അഷ്ടാദശ പുരുഷസൂക്ത പുഷ്പാഞ്ജലി എന്നിവയും മഹാനിവേദ്യവും – 501 രൂപ
4. വിശേഷാൽ ചുറ്റുവിളക്ക്, നിറമാലയിലേക്ക് – 3000 രൂപ

## അവതാരപൂജ

ഭഗവാന്റെ അവതാരങ്ങളിൽ പൂർണ്ണാവതാരമായി ശ്രീകൃഷ്ണാവതാരത്തെ കണക്കാക്കുന്നു. അതിനാൽ തന്നെ രാപ്പാൾ തേവർക്ക് തന്റെ തിരു: അവതാരത്തോടനുബന്ധിച്ച് അഷ്ടിരോഹിണി ദിനത്തിൽ രാവിലെ മുതൽ പ്രത്യേക നിവേദ്യങ്ങൾ, വഴിപാടുകൾ, അലങ്കാരങ്ങൾ എന്നിവയോടൊപ്പം അവതാര സമയത്ത് (രാത്രി 12 മണിക്ക് ശേഷം) പ്രത്യേകം അഭിഷേകങ്ങൾ, അപ്പം നിവേദ്യം, പാൽപായസ നിവേദ്യം, ശ്രീമദ് ഭാഗവതം അവതാരവർണ്ണന പാരായണവും പരമപ്രധാനമായി എല്ലാവർഷവും നടന്നു വരുന്നു. ഈ ചടങ്ങുകളിൽ പങ്കുകൊണ്ട് 'അവാതരപൂജ' വഴിപാട് നടത്തി തുടർന്ന് നടക്കുന്ന ഭഗവദ് പ്രസാദഊട്ടിലും പങ്കെടുക്കുന്നത് സന്താനസംബന്ധമായും, മറ്റു വൈവിധ്യങ്ങളായ ദോഷഫലങ്ങൾക്കും ശാശ്വത സമാധാനം കൈവരുന്നു എന്നതാണ് വിശ്വാസം. അഷ്ടമിരോഹിണി ദിവസം ക്ഷേത്രത്തിലെ എല്ലാ ചടങ്ങുകളിലും നിറസാന്നിധ്യമാകുന്നതിലൂടെ ഭഗവാന്റെ അനുഗ്രഹം കൈവരിക്കാനാകുന്നു എന്ന പ്രത്യേകതയും അവതരാപൂജയിലൂടെ കൈവരുന്നു.

| ഓത്തുകൊട്ടിലെ പ്രധാന ദിവസങ്ങൾ | ഓത്തുകൊട്ടിലെ പ്രസാദഊട്ട് ദിവസങ്ങൾ |
|---|---|
| 9 – 9 – 2023 ചിങ്ങം 24 (ശനി) | 10 – 9 – 2023 ചിങ്ങം 25 (ഞായർ) |
| 18 – 9 – 2023 കന്നി 2 (തിങ്കൾ) | 1 – 10 – 2023 കന്നി 15 (ഞായർ) |
| 24 – 9 – 2023 കന്നി 8 (ഞായർ) | 26 – 10 – 2023 തുലാം (വ്യാഴം) |
| 5 – 10 – 2023 കന്നി 19 (വ്യാഴം) | |
| 8 – 10 – 2023 കന്നി 22 (ഞായർ) | |
| 16 – 10 – 2023 കന്നി 30 (തിങ്കൾ | |

**വഴിപാടുകൾ ബുക്ക് ചെയ്യുന്നതിനും, മറ്റു വിവരങ്ങൾക്കും**

**ഫോൺ : 9656360155, 7034315605, 9188711016**

**ഗൂഗിൾ പേ നമ്പർ : 8714783860**

pnb

SCAN & PAY USING ANY BHIM UPI APP

8714783860m@pnb

MERCHANT: SREEKRISHNAPURAM KSHETRACOMITEE